**പതിന്നാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2164** **07.03.2017-ൽ മറുപടിക്ക്**

**<u>ഡോക്ടർമാരുടെ ഒഴിവുകൾ</u>**

| **ചോദ്യം**<br>**ശ്രീ. ഒ. ആർ. കേളു** | **മറുപടി**<br>**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പ് നടത്തിയ നിയമനങ്ങളുടെ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വയനാട് ജില്ലയിൽ അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ തസ്തികകളിൽ 43 നിയമനങ്ങളും ഡെന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒരു നിയമനവും നടത്തിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാനന്തവാടി ജില്ലാ ആശുപത്രിയിൽ പുതുതായി എത്ര ഡോക്ടർമാരെ നിയമിച്ചു; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ തസ്തികകളിൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽ 6 ഡോക്ടർമാരെ നിയമിച്ചു. |
| (സി) ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; | (സി) ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>കൺസൾട്ടന്റ് (ഇ.എൻ.റ്റി)-1<br>കൺസൾട്ടന്റ് (സർജറി) - 1<br>കൺസൾട്ടന്റ് (അനസ്തീഷ്യ) - 1<br>ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - 2<br>ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി) - 2<br>ഡെന്റൽ അസിസ്റ്റന്റ് സർജൻ - 2 |
| (ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ സത്വര നടപടി സ്വീകരിക്കുമോ? | (ഡി) കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി പ്രൊമോഷനിലൂടെ നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ്, ഒഫ്താൽമോളജി ഒഴിവുകൾ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ഉടൻ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡെന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ പി.എസ്.സിയിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടികൾ ആരംഭിക്കുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**